(ബി) എൻ.ആർ.ഐ. ഫണ്ട് ഉപയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളിലെ എൻ. ആർ. ഐ. ഡെപ്പോസിറ്റ് 1998 മാർച്ച് 31-ന് 12734.98 കോടി രൂപയായിരുന്നത് 1999 മാർച്ച് അവസാനത്തോടെ 13328.54 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മുതൽമുടക്കാൻ തയ്യാറായി വരുന്ന പ്രവാസി മലയാളികൾക്ക് അതിനുള്ള എല്ലാ സൗകര്യവും, അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവാസി കേരളീയ കാര്യ വകുപ്പിൽ ഒരു ഫോറിൻ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്.

ഡയറി ഇൻസ്ട്രക്ടർമാരെ സാങ്കേതിക വിഭാഗത്തിൽപ്പെടുത്തണമെന്ന് ആവശ്യം

59 (1114) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് അനുസരിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഏതെല്ലാം തസ്തികകൾ സാങ്കേതിക വിഭാഗത്തിൽ പെടുത്താനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) ഇതുവരെ ഇതനുസരിച്ച് ഏതെങ്കിലും ഡിപ്പാർട്ടുമെന്റുകളിലെ തസ്തികകൾ സാങ്കേതിക വിഭാഗത്തിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിലെ ഡയറി ഫാം ഇൻസ്ട്രക്ടർമാരെ സാങ്കേതിക വിഭാഗത്തിൽപ്പെടുത്തുന്നത് സംബന്ധിച്ച നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ശമ്പള പരിഷ്ക്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വിവിധ വകുപ്പുകളിലെ ഏതെല്ലാം തസ്തികകൾ സാങ്കേതിക വിഭാഗത്തിൽപ്പെടുത്തണം എന്ന് പരാമർശിക്കുകയുണ്ടായില്ല. എന്നാൽ പിന്നീട് 25-11-1998 ൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങളെ നോൺ ക്ലറിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തി തൊട്ടടുത്ത ഉയർന്ന സ്കെയിൽ നൽകിയിട്ടുണ്ട്.

(സി) ക്ലാർക്കിതര വിഭാഗത്തിൽ ഉൾപ്പെട്ട വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിൽ ഏതൊക്കെ നോൺ ക്ലറിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തി കൊട്ടടുത്ത ഉയർന്ന സ്കെയിൽ അനുവദിക്കണമെന്നത് സംബന്ധിച്ച് പരിശോധന നടന്ന് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly